# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1124 — 30-09-2016 ൽ മറുപടിയ്ക്ക്

### താനൂർ ഹാർബറിന്റെ ഡ്രഡ്ജിങ് ജോലികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.അബ്ദുറഹിമാൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) താനൂർ ഹാർബറിന്റെ ഡ്രഡ്ജിംങ് ജോലികൾ ചില ,സാങ്കേതിക കാരണങ്ങളാൽ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതു പരിഹരിച്ച് മണ്ണ് എടുക്കാനുള്ള നടപടികൾ ഏതുവരെയായി ; <br><br> (സി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ ? | (ബി) യും (സി) യും ബ്രേക്കുവാട്ടർ പ്രവൃത്തി പുരോഗമിക്കുന്നതിനോടനുബന്ധിച്ച് തെക്ക് ഭാഗത്ത് ബ്രേക്കുവാട്ടറിനോട് ചേർന്ന് അടിഞ്ഞ് കൂടുന്ന മണ്ണ് ഡ്രഡ്ജ് ചെയ്ത് നികത്തിയതിനുശേഷം ഹാർബറിന്റെ അനുബന്ധ ഘടകങ്ങൾ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. ഇത് സ്ഥലവാസികൾ എതിർത്തിരുന്നു. ഈ ഭാഗം ഡ്രഡ്ജ് ചെയ്താൽ തെക്ക് ഭാഗത്തെ കരഭാഗം വീണ്ടും ഇടിയുമെന്നും കിണറുകളിൽ ഉപ്പുരസം നിറയുമെന്നും അവർ അഭിപ്രായപ്പെടുന്നു. ഇവരുടെ എതിർപ്പിനെ മറികടന്ന് പ്രവൃത്തി നടത്തുന്നത് അഭികാമ്യമല്ല. ബേസിനിൽ നിന്നും ഡ്രഡ്ജ് ചെയ്ത് നികത്തി എടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. 120000 ക്യൂ.മീറ്റർ മണ്ണ് ഈ പ്രവൃത്തിക്കുവേണ്ടി ആവശ്യമാണ്. ബേസിനകത്തു നിന്നും പരമാവധി ഡ്രഡ്ജ് ചെയ്ത് എടുക്കുന്നതോടൊപ്പം 5 കി.മീറ്റർ അകലെയുള്ള പൂരപ്പുഴയുടെ അഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണ്ണ് എടുത്ത് ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ജില്ലാ ഭരണാധികാരിയുടെയും മറ്റ് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടേയും അനുമതി ആവശ്യമാണ്. ഇവിടെ നിന്നും ഏകദേശം 30000 ക്യൂ.മീറ്റർ മാത്രമേ മണ്ണ് എടുക്കാനാവൂ. ബാക്കി ആവശ്യമായവ ബേസിനിൽ നിന്നോ / കടലിൽ നിന്നോ ഡ്രഡ്ജ് ചെയ്ത് നികത്താൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**